## കേരള സർക്കാർ

ധനകാര്യ (പി. എ. സി) വകുപ്പ്

സർക്കുലർ

നമ്പർ 50/2014/ധന                                                തിരുവനന്തപുരം, 2014 മെയ് 27

വിഷയം:- കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ന്യൂനതാ പരിഹാര പത്രിക ക്രോഡീകരിച്ച് നല്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) 26.02.2014 ലെ നിയമസഭാ സെക്രട്ടറിയുടെ 12641/പി.എ.സി. എ 1/2014/നി.സെ നമ്പർ കത്ത്.

(2) 22.03.2014 ലെ നിയമസഭാ സ്പെഷ്യൽ സെക്രട്ടറിയുടെ 12675/പി.എ.സി. എ 1/2013/നി.സെ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ സിവിൽ റിപ്പോർട്ടിൽ പ്രഥമ അദ്ധ്യായമായി ഉൾപ്പെടുത്തിയിരുന്ന സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച പഠനം 2009 മുതൽ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച ഒരു പ്രത്യേക റിപ്പോർട്ടായി സമർപ്പിച്ചതിനെ തുടർന്ന്, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ ആദ്യ യോഗം (14.09.2011) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത റിപ്പോർട്ടിന്റെ പരിശോധന ഏതു തരത്തിലായിരിക്കണമെന്നതു സംബന്ധിച്ച് ചർച്ച നടത്തുകയും റിപ്പോർട്ടിലെ രണ്ടാമത് അദ്ധ്യായം മാത്രം സമിതി പരിഗണിക്കുന്നതിനും അതിന്മേലുള്ള നടപടി വിശദീകരണ പത്രിക ധനകാര്യ വകുപ്പ് ക്രോഡീകരിച്ച് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2. പ്രസ്തുത സാഹചര്യത്തിൽ കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച റിപ്പോർട്ടിലെ രണ്ടാമത് അദ്ധ്യായത്തിന് മാത്രം ന്യൂനത പരിഹാര പത്രിക (Remedial Measures Taken Statement) സമർപ്പിച്ചാൽ മതിയെന്നും, ഭരണവകുപ്പിനെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക, റിപ്പോർട്ട് സഭയിൽ സമർപ്പിച്ച് ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പിന് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. ധനകാര്യ (ബഡ്ജറ്റ് വിംഗ് - എ) വകുപ്പ് അതു ക്രോഡീകരിച്ച് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി 40 പകർപ്പുകൾ നിയമസഭാ സെക്രട്ടേറിയേറ്റിനും 5 പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും 3 പകർപ്പുകൾ ധനകാര്യ (പി എ സി) വകുപ്പിനും ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

3. മേൽ നിർദ്ദേശങ്ങൾ ഹാന്റ് ബുക്കിൽ ഉൾപ്പെടുത്തുന്നു.

രാജേഷ് കുമാർ സിൻഹ
ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

Shafeena B.
അക്കൗണ്ട്സ് ഓഫീസർ